## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4494 — 26.06.14 ൽ - മറുപടിക്ക്

# വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>" റ്റി.എൻ. പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ലൂഡി ലൂയിസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്രവികസനത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെ സഹകരണം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻകടകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ഫുഡ് പ്രോഗ്രാമുമായി സഹകരണം തേടാനുദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുവിതരണ ശൃംഖലയുടെ സമഗ്ര നവീകരണത്തിന് **WFP** - യുടെ ഉപദേശം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (ബി) പൊതുവിതരണ ശൃംഖലയുടെ സമഗ്ര നവീകരണത്തിന് **WFP** - യുടെ സഹകരണം ഉപയോഗിക്കുന്നതിനായി കേരള സർക്കാരും **WFP** - മായി ധാരാണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ **WFP**-യുമായി ഒപ്പുവച്ചിട്ടുള്ള അതേ മാതൃകയിൽ തയ്യാറാക്കിയ ധാരണാപത്രം തന്നെയാണ് സംസ്ഥാന സർക്കാരും ഒപ്പ് വച്ചിട്ടുള്ളത്. പ്രസ്തുത ധാരണാപത്രം 26.02.2014-ന് ഭക്ഷ്യ വകുപ്പ് സെക്രട്ടറിയും **WFP**-യുടെ **Country Director (i/c)** - യും തമ്മിലാണ് ഒപ്പ് വച്ചിട്ടുള്ളത്. ഈ കരാറിന്റെ കാലാവധി മൂന്ന് വർഷമോ അല്ലെങ്കിൽ **End to End Computerisation** പദ്ധതി പൂർത്തീകരിക്കുന്നതോ ഏതാണോ ആദ്യം അത് വരെയാണ്. ലോകരാജ്യങ്ങളിലെ മികവുറ്റ പൊതുവിതരണ സമ്പ്രദായങ്ങളിൽ നിന്ന് **WFP** - യ്ക്ക് ലഭിച്ച അനുഭവം നമ്മുടെ പൊതുവിതരണരംഗം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തുവാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) നിലവിൽ റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിന് **WFP** നടപടികൾ സ്വീകരിച്ച് വരികയാണ്. വിവരശേഖരണത്തിന് കുടുംബശ്രീയുടെ സഹകരണം തേടാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം മേഖലകളിലെ നവീകര ണത്തിനായാണ് സഹായം ലഭിക്കു ന്നത്; വിശദാംശങ്ങൾ വ്യക്തമാ ക്കുമോ? | (ഡി) | ആറു ജില്ലകളിലെ തെരഞ്ഞെടുത്ത റേഷൻ കടകൾ, മൊത്ത വ്യാപാര ഡിപ്പോകൾ, മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകൾ എന്നിവയാണ് **WFP** പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കുടുംബശ്രീ മുഖാന്തിരമാണ് **WFP** ഈ പഠനം നടത്താനുദ്ദേശിക്കുന്നത്. പഠനത്തിലൂടെ ഉരുത്തിരിയുന്ന വിവരങ്ങൾ **WFP**-യുടെ ശുപാർശകൾ സഹിതം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ